بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 08.07.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 25

اَشۡهَدُ اَنۡ لَّااِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًاعَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰالِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ

نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത് അബൂബക്കർ(റ)ന്റെ കാലഘട്ടത്തിൽ മത പരിത്യാഗികളായ കലാപകാരികൾക്കെതിരിൽ ഉണ്ടായ സൈനീക നീക്കങ്ങളെ കുറിച്ചാണ് പരാമർശിച്ച് വന്നിരുന്നത്. ഇതിൽ പതിനൊന്നാമത്തെ സൈനീക നീക്കത്തെ കുറിച്ച് എഴുതുന്നത്, ഹദ്റത് അബൂബക്കർ(റ) ഒരു പതാക ഹദ്റത് മുഹാജിർ ബിൻ അബൂ ഉമയ്യ (مُہاجرؓبن ابو اُمیَّہ) ക്ക് നൽകികൊണ്ട് കൽപിച്ചു: അസ്‌വദ് അൻസിയുടെ (اَسود عَنسی) സൈന്യത്തെ നേരിടുകയും ഖൈസ് ബിൻ മഖ്ശൂഹും (قَیس بن مَکشوح)മറ്റു യമൻകാരും പൊരുതികൊണ്ടിരിക്കുന്ന അബ്നായെ സഹായിക്കുകയും ചെയ്യുക. അവിടെ നിന്ന് വിരമിച്ചശേഷം ഖന്ദ ഗോത്രത്തെ നേരിടുന്നതിന് വേണ്ടി ഹള്റെ മൗത്തിലേക്ക് കൊണ്ടുപോകുക. ഉമ്മുൽ മുഅ്മിനീൻ ഹദ്റത് ഉമ്മു സൽമയുടെ സഹോദരൻ ആയിരുന്ന ഹദ്റത് മുഹാജിർ ബിൻ അബൂ ഉമയ്യ തബൂക്ക് യുദ്ധത്തിൽ പിന്നിലായി പോയിരുന്നതിനാൽ നബി(സ) അദ്ദേഹത്തോട് നീരസത്തിലായി. (തുടർന്ന്) അദ്ദേഹത്തെ ഖന്ദയിലെ കൈകാര്യകർത്താവായി നിശ്ചയിച്ചു. പക്ഷെ അദ്ദേഹം രോഗിയായി; അവിടെ പോകാൻ കഴിയാതിരുന്നപ്പോൾ അദ്ദേഹം സിയാദിനോട് അദ്ദേഹത്തിന്റെ ജോലികൾ കൂടി ചെയ്യാൻ എഴുതുകയുണ്ടായി. പിന്നെ (അദ്ദേഹം സുഖം പ്രാപിച്ചപ്പോൾ ഹദ്റത് അബൂബക്കർ അദ്ദേഹത്തെ നജ്റാൻ മുതൽ യമനിലെ അവസാന അതിർത്തി വരേക്കും ഭരണാധിപനായി നിശ്ചയിക്കുകയും യുദ്ധത്തിന് കൽപന നൽകുകയും ചെയ്തു.

ബുഖാരിയുടെ നിവേദനമനുസരിച്ച് തിരുനബി(സ)നു സ്വപ്നത്തിൽ നേരത്തെ തന്നെ (സൻആയിലെ അസ്‌വദ് അൻസി, യമാമയിലെ മുസൈലിമ കദ്ദാബ് എന്നീ) രണ്ടു കള്ളനുബുവ്വത്ത് വാദികൾ പുറപ്പെടുമെന്നു അറിയിപ്പ് ലഭിച്ചിരുന്നു.

നബി(സ) ഇറാൻ രാജാവായ കിസ്റയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തെഴുതിയപ്പോൾ (അയാൾ കോപിഷ്ഠനായി) തന്റെ കീഴിൽ യമനിൽ ഉണ്ടായിരുന്ന ഗവർണർ ബാദാന്, (باذان) ഇങ്ങനെ കൽപന നൽകി. അയാൾ നബി(സ)ന്റെ തലയും കൊണ്ട് വരേണ്ടതാണ്. ബാദാൻ രണ്ടു പേരെ നബി(സ)യുടെ അടുക്കലേക്ക് അയച്ചു. എന്നാൽ നബി(സ) പറഞ്ഞു. എന്റെ അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്നു: രാജാവിനെ അയാളുടെ മകൻ ശെറൂവിയ കൊല്ലുകയും അയാളുടെ സ്ഥാനത്ത് രാജാവായി ഇരിക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം ബാദാനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: അയാൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ അയാളെ തുടർന്നും യമനിലെ ഭരണാധികാരിയായി നിലനിർത്തുന്നതാണ്. ഇതെല്ലാം കേട്ട് ആ രണ്ടു ആഗതരും തിരിച്ചു പോയി. ബാദാനോട് എല്ലാ കാര്യങ്ങളും പറഞ്ഞു. ഇതിനിടയിൽ ബാസാനു കിസ്റയെ അയാളുടെ ശേറൂവിയ കൊന്നുവെന്നും അയാളുടെ സ്ഥാനത്ത് സ്വയം രാജാവായി അവരോധിതനായെന്നുമുള്ള വിവരങ്ങൾ കിട്ടിയിട്ടുണ്ടായിരുന്നു. ബാദാൻ തിരുനബി(സ) പറഞ്ഞ കാര്യങ്ങൾ പുലർന്നതു കണ്ടപ്പോൾ നബി(സ)യുടെ ക്ഷണമനുസരിച്ച് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. തിരുനബി(സ) അയാളെ തുടർന്നും യമനിലെ ഭരണാധി കാരിയായി നിശ്ചയിച്ചു. ബാദാൻ വഫാത്തായപ്പോൾ തിരുനബി(സ) തന്റെ അമീർമാരെ യമന്റെ വിവിധ ഭാഗങ്ങളിൽ കാര്യകർത്താക്കളാക്കി.

യമന്റെ തെക്കു ഭാഗത്തു താമസിച്ചിരുന്ന ജോതിഷക്കാരനായിരുന്ന അസ്‌വദ് തന്റെ കൺകെട്ടും പ്രാസഭംഗിയുള്ള സംസാരവും കാരണത്താൽ ജനശ്രദ്ധയെ ആകർഷിച്ചിരുന്നു. അയാൾ പ്രവാചകത്വവാദവും ഉന്നയിച്ചിരുന്നു. ഇതു കാരണം സാധാരണക്കാരും പാമരന്മാരുമായ ഒരു വലിയ സംഘം അദ്ദേഹത്തിന് ചുറ്റും കൂടി. വാസ്തവത്തിൽ യെമൻ യെമനികൾക്ക് മാത്രമുള്ളതാണെന്ന മുദ്രാവാക്യവും അയാൾ ഉയർത്തിയിരുന്നു. അതിനാൽ ഈ ദേശീയതയുടെ മുദ്രാവാക്യം യെമനിലെ ജനങ്ങൾക്ക് വളരെയധികം മതിപ്പുളവാക്കി.

ഈ മുദ്രാവാക്യം വളരെ പഴക്കമുള്ളതാണ്. ഇത് ഇന്നും ഉപയോഗിക്കപ്പെടുന്നുണ്ട്. ലോകത്ത് ഫസാദ് വ്യാപിച്ചിരിക്കുന്നത് ഈ കാരണം കൊണ്ടു തന്നെയാണ്.

ഈ ആശങ്കാജനകമായ വാർത്ത മദീനയിൽ എത്തിയപ്പോൾ റസൂൽ(സ) മുഅത്ത യുദ്ധത്തിലെ ശുഹദാക്കളുടെ പ്രതികാരം ചോദിക്കാനും വടക്കു ഭാഗത്തുനിന്നുള്ള ആക്രമണങ്ങൾ തടയുന്നതിനും വേണ്ടി ഹദ്റത്ത് ഉസാമ ബിൻ സൈദിന്റെ സൈന്യത്തെ തയ്യാറാക്കുന്നതിൽ വ്യാപൃതനായിരുന്നു.

റസൂൽ(സ) യെമനിലെ നേതാക്കന്മാർക്കു സന്ദേശം അയച്ചു: സ്വന്തം നിലക്ക് അസ്‌വദുമായി യുദ്ധം തുടരുക. ഉസാമയുടെ സൈന്യം വിജയിച്ച് തിരിച്ചു വന്നാൽ, ഉടനെ അവരെ യെമനിലേക്ക് അയക്കുന്നതാണ്.

അതിനിടയിൽ ഹളറെ മൗത്തിലും യമനിലെ മുസ്‌ലിംകളിലും അസ്‌വദ് അൻസിയോട് യുദ്ധം ചെയ്യാൻ കൽപ്പിക്കപ്പെട്ടുകൊണ്ട് റസൂലുല്ലാഹ്(സ) യിൽ നിന്നുള്ള ഒരു കത്ത് എത്തി. ഈ ഉദ്ദേശ്യാർഥം ഹദ്റത്ത് മുആദ് ഇബ്നു ജബൽ എഴുന്നേറ്റപ്പോൾ മുസ്‌ലിംകളുടെ ഹൃദയം ശക്തമായി.

ജിശ്നിസ് ദൈലമി പറയുന്നു: വബർ ബിൻ യുഹന്നസ് وبر بن يحنس റസൂലുല്ലാഹ്(സ)യിൽ നിന്നുള്ള കത്തുമായി ഞങ്ങളുടെ അടുക്കൽ എത്തി. അതിൽ ഞങ്ങളുടെ മതത്തിൽ ഉറച്ചുനിൽക്കാനും യുദ്ധവും ഉപായവും മുഖേന അസ്‌വദിനെതിരിൽ യുദ്ധനടപടികൾ കൈകൊള്ളാനും നിർദേശമുണ്ടായിരുന്നു.. നിലവിൽ ഇസ്‌ലാമിനോട് പ്രതിബദ്ധതയുള്ളവർക്കും ദീനീ സേവനത്തിനു സന്നദ്ധതയുള്ളവർക്കും സന്ദേശം എത്തിക്കുക. ഞങ്ങൾ അപ്രകാരം പ്രവർത്തിച്ചുവെങ്കിലും അസ്‌വദിനെതിരെ വിജയിക്കുന്നത് ഞങ്ങൾക്ക് വളരെ ബുദ്ധിമുട്ടായിരുന്നു.

ജിശ്നിസ് ദൈലമി പറയുന്നു: നമുക്കു മനസ്സിലായ ഒരു കാര്യം, അസ്‌വദും അംർ ഇബ്നു മഅ്ദി കർബിന്റെ عمرو بن معدی کرب സഹോദരപുത്രൻ ഖൈസ് ഇബ്ൻ അബ്ദുൽ യഗൂസ് ഇബ്നു മക്ശൂഹും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. അതിനാൽ ഖൈസിന്റെ ജീവന് അപകടത്തിലാണെന്ന് ഞങ്ങൾ കരുതി, ഞങ്ങൾ അവനെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും അദ്ദേഹത്തിന് നബി(സ)ന്റെ സന്ദേശം എത്തിക്കുകയും ചെയ്തു. ആ സമയത്ത് ഞങ്ങൾ ആകാശത്ത് നിന്ന് ഇറങ്ങിയത് എന്നാണ് അയാൾക്ക് അനുഭവപ്പെട്ടത്. അത്കൊണ്ട് ഉടൻ തന്നെ പറഞ്ഞത് അംഗീകരിച്ചു. അതുപോലെ ഞങ്ങൾ മറ്റുള്ളവരുമായും കത്തിടപാടുകൾ നടത്തി. വിവിധ ഗോത്ര തലവന്മാരും അസ് വദിനോട് പൊരുതാൻ തയ്യാറായിരുന്നു. അങ്ങനെ നബി(സ) നജ്റാനിലെ എല്ലാ ആളുകൾക്കും അസ്‌വദിനെ സംബന്ധിച്ച് എഴുതിയിരുന്നു. അവർ എല്ലാം നബി(സ) പറഞ്ഞത് അംഗീകരിച്ചു. ഈ വിവരങ്ങൾ അസ്‌വദിനു കിട്ടിയപ്പോൾ അയാൾക്ക് തന്റെ പര്യവസാനം കാണിക്കപ്പെട്ടു തുടങ്ങി.

ജയ്ശനശ് ദൈലമിക്കൊരു ഉപായം തോന്നി. അവർ അസവദിന്റെ ഭാര്യയായ ആസാദിന്റെ അടുക്കൽ ചെന്നു. ഞാൻ അവരോട് അസ്‌വദിന്റെ കൈകളാൽ അവരുടെ ആദ്യഭർത്താവ് ഹദ്റത് ശഹ്ർ ബിൻ ബാദാൻ ശഹീദ് ആയതും അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റാളുകളുടെ കൊലപാതകവും കുടുംബത്തിനുണ്ടായ നിന്ദ്യതയും പ്രായാസങ്ങളും അവരെ ഓർമപ്പെടുത്തി. അവരോട് അസ്‌വദിനു എതിരിൽ സഹായിക്കാൻ വേണ്ടി അഭ്യർത്ഥിച്ചു. അവർ അതിനു സന്തോഷപൂർവം തയ്യാറായി. അവസാനം ഒരു സമ്പൂർണ ആസൂത്രണത്തോടൊപ്പം അസ്‌വദ് അൻസിയെ (ഭാര്യയുടെ സഹകരണത്തോടെ) ഒരു രാത്രി അയാളുടെ കൊട്ടാരത്തിൽ പ്രവേശിച്ച് വധിക്കുകയുണ്ടായി. അങ്ങനെ ഈ ഫിത്ന മൂന്നു നാല് മാസത്തോളം കത്തിപ്പടർന്നതിനുശേഷം തണുക്കുകയുണ്ടായി.

അസ്‌വദിന്റെ വധത്തിനുശേഷം സൻആയിൽ പഴയത്പോലെ ഇസ്‌ലാമിക ഭരണം സ്ഥാപിതമായി. പക്ഷെ, യമനിൽ വീണ്ടും ഒരിക്കൽ കൂടി കലാപം ആരംഭിച്ചു. നബി(സ)ന്റെ വഫാത്തിനെ കുറിച്ച് യമനിൽ ചർച്ചയായപ്പോൾ നന്നായി വന്ന അവസ്ഥ വീണ്ടും മോശമാകാൻ തുടങ്ങി.

കഴിവും ദൃഢനിശ്ചയവും ഉള്ള പ്രാദേശിക വാദത്തിൽ ഉന്മത്തനും ആയിരുന്ന ഖൈസ് ബിൻ അബ്ദ് യഗൂസ് (قيس بن عبد يغوث بن مكشوح) ഇപ്പോൾ ഇസ്‌ലാമിനോടുള്ള കൂറിൽ നിന്നും പിൻമാറുകയാണ്. യമനിൽ ഫാർസികളുടെ അധികാരത്തെ സംബന്ധിച്ച് ഇപ്പോഴും അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നു. അതിന്റെ പര്യവസാനത്തിനു ശേഷം അബനായുടെ സന്തോഷത്തെയും സംഘടിത ശക്തിയെയും സാമ്പത്തീക മേല്കോയ്മയെയും തകർക്കാൻ ആഗ്രഹിച്ച് കൊണ്ടിരുന്നു. അയാൾ നേരത്തെ തന്നെ വിജയശ്രീലാളിതനായ സൈനീക നേതാവായിരുന്നു. അയാൾ അസ്‌വദിന്റെ സൈനീക നേതാക്കൻമാരുമായി ഗൂഢാലോചന നടത്തുകയും അബ്നായെ രാജ്യത്ത് നിന്ന് പുറത്താകാൻ ആസൂത്രണം ചെയ്യുകയുണ്ടായി. ഫൈറോസും ദാദുവിയയുമായിട്ടുള്ള ബന്ധം മോശമായിട്ടുണ്ടായിരുന്നു. ദാദുവിയയെ ചതിയിലൂടെ കൊലപ്പെടുത്തി. ഫൈറോസ് കൊലയിൽ നിന്ന് തൽനാരിഴക്ക് രക്ഷപ്പെടുകയും ചെയ്തു.

ഫൈറോസ് ഹദ്റത് അബുബക്കറിന് തന്റെയും അബ്നായുടെയും കൂറിനെ സംബന്ധിച്ച് അറിയിപ്പ് കൊടുത്തുകൊണ്ട് ഇങ്ങനെ അപേക്ഷിച്ചു. ഞങ്ങളെ സഹായിച്ചാലും. ഞങ്ങൾ ഇസ്ലാമിനുവേണ്ടി എല്ലാ ത്യാഗത്തിനും തയാറാണ്.

ഹദ്റത് അബൂബക്കർ സിദ്ധീക്ക് തയാറാക്കിയ പതിനൊന്നു സൈന്യങ്ങളിൽ ഏറ്റവും അവസാനത്തെ സൈന്യമായ ഹദ്റത് മുഹാജിർ ബിൻ അബുഉമയ്യയുടെ സൈന്യം മദീനയിൽ നിന്ന് യമനിലേക്ക് പുറപ്പെട്ടു. വഴിയിൽ വിവിധ ഗോത്രക്കാരായ ആളുകൾ അദ്ദേഹത്തോടൊപ്പം സൈന്യത്തിൽ ഭാഗഭാക്കായി. അങ്ങനെ വലിയൊരു സൈന്യം മുന്നോട്ട് നീങ്ങുകയാണ്.

അംറ് ബിൻ മഹ്ദി കർബും, ഖൈസ് ബിൻ മഖ്ശൂഹും ബന്ധനസ്ഥനായതിനെ കുറിച്ചും, അവർ രണ്ടു പേരെയും ഹദ്റത് അബൂബക്കർ[റ]ന്റെ സവിധത്തിലേക്ക് അയച്ചതിനെ പറ്റിയും, വിസ്താരം നടന്നതിനെപറ്റിയും, അയാളെ തന്റെ ഗോത്രത്തിലേക്ക് വെറുതെ വിട്ടതിനെ പറ്റിയും അയാളെ സ്വതന്ത്രനാക്കിയതിൽ ഭാവിയിൽ ഉണ്ടാകുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെപറ്റിയും ഹുസൂർ തിരുമനസ്സ് ഖുത്ബയുടെ അവസാനത്തിൽ വിശദീകരിക്കുകയുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 08.07.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**